# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 546

2014 ഡിസംബർ 2-ാം തീയതി മറുപടി നല്കേണ്ടത്

## കരാറുകാർക്കുള്ള കുടിശ്ശിക

ചോദ്യം

ശ്രീ. ഇ.പി. ജയരാജൻ

ഉത്തരം

ശ്രീ. കെ. എം. മാണി
ധനകാര്യവും നിയമവും
ഭവനനിർമ്മാണവും വകുപ്പ് മന്ത്രി

| ചോദ്യം | മറുപടി |
|---|---|
| എ) സംസ്ഥാനത്തെ പൊതുമരാമത്ത്/ജലസേചന വകുപ്പുകളിലെ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്തു നടത്തുന്ന കരാറുകാർക്ക് ആകെ എത്ര തുകയാണ് കൊടുത്തു തീർക്കാനുള്ളതെന്ന് വ്യക്തമാക്കുമോ; | ഭരണ വകുപ്പിൽനിന്ന് ധനകാര്യവകുപ്പിൽ ലഭിച്ച നിർദ്ദേശമനുസരിച്ച് പൊതുമരാമത്ത്/ജലവിഭവ വകുപ്പുകളിൽ ആകെ 1665.40 കോടി രൂപ കരാറുകാർക്ക് കുടിശ്ശികയായി കൊടുത്തു തീർക്കാനുണ്ട്. |
| ബി) പൊതുമരാമത്ത് (റോഡുകളും പാലങ്ങളും വിഭാഗം) കരാറുകാർക്ക് എത്ര തുകയാണ് കുടിശ്ശികയുള്ളതെന്നും ഏതു കാലാവധി മുതലുള്ള ബില്ലുകളാണ് കുടിശ്ശികയുള്ളതെന്നും വ്യക്തമാക്കുമോ; | ഭരണ വകുപ്പിൽനിന്ന് ധനകാര്യവകുപ്പിൽ ലഭിച്ച നിർദ്ദേശമനുസരിച്ച് പൊതുമരാമത്ത് (റോഡുകളും പാലങ്ങളും വിഭാഗം) കരാറുകാർക്ക് 01.01.2014 മുതൽ 31.08.2014 വരെയുള്ള കാലയളവിൽ 1343.47 കോടി രൂപയുടെ ബില്ലുകൾ കുടിശ്ശികയുണ്ട്. |
| സി) പൊതുമരാമത്ത് കെട്ടിട വിഭാഗം കരാറുകാർക്ക് എത്ര തുകയാണ് കുടിശ്ശികയുള്ളതെന്നും എന്നു മുതലുള്ള ബില്ലുകളാണ് കുടിശ്ശികയുള്ളതെന്നും വ്യക്തമാക്കുമോ; | ഭരണ വകുപ്പിൽനിന്ന് ധനകാര്യവകുപ്പിൽ ലഭിച്ച നിർദ്ദേശമനുസരിച്ച് പൊതുമരാമത്ത് കെട്ടിട വിഭാഗം കരാറുകാർക്ക് 01.01.2014 മുതൽ 31.08.2014 വരെയുള്ള കാലയളവിൽ 260.51 കോടി രൂപയുടെ ബില്ലുകൾ കുടിശ്ശികയുണ്ട്. |

| | |
|---|---|
| ഡി) ജലവിഭവ വകുപ്പിൽ ഏതൊക്കെ കാലയളവിലെ എത്ര തുക കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കുമോ? | ഭരണ വകുപ്പിൽനിന്ന് ധനകാര്യവകുപ്പിൽ ലഭിച്ച നിർദ്ദേശമനുസരിച്ച് ജലവിഭവ വകുപ്പിൽ 01.01.2014 മുതൽ 31.07.2014 വരെയുള്ള കാലയളവിൽ 61.42 കോടി രൂപയുടെ ബില്ലുകൾ കുടിശ്ശികയുണ്ട്. |

സെക്ഷൻ ഓഫീസർ